Lesson-5
പാഠം – 5

# ബാബേൽ ഗോപുരം
# Babel Tower

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**Honey Comb**

**യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ**
**വൃഥാ അധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ**
**കാവല്ക്കാരൻ വൃഥാ ജാഗരിക്കുന്നു. സങ്കീ 127:1**

"Unless the Lord builds the house, those who build it labor in vain. Unless the Lord watches over the city, the watchman stays awake in vain." Psalms 127:1

**പാഠഭാഗം : ഉല്പത്തി 11: 1–9**

കൂട്ടുകാർ വലിയ കെട്ടിടങ്ങളും ഫ്ളാറ്റുകളും ശ്രദ്ധിച്ചിട്ടില്ലേ? എത്ര നിലകളിലാണ് അവ പണി തിരിക്കുന്നത്? ആകാശം മുട്ടി ഉരുമ്മി നിൽക്കുന്നതുപോലെ തോന്നും. ഉയർന്ന കെട്ടിടങ്ങളും ഗോപുരങ്ങളും പണിത് മിടുക്കന്മാരെന്നും വലിയവരെന്നും കാണിക്കാൻ പണ്ടു മുതൽ മനുഷ്യർക്കു വളരെ താല്പര്യമായിരുന്നു. വീടുകളും മറ്റും പണിത് സ്വയം മിടുക്കന്മാരെന്ന് ചിന്തിച്ച ഇവർ പ്രളയം ഉണ്ടായാലും തങ്ങൾക്ക് നാശമുണ്ടാകരുതെന്ന് ചിന്തിച്ചു. അങ്ങനെയാണ് പണ്ട് ബാബേൽ എന്ന ഗോപുരം ശിനാർ ദേശത്ത് അഹങ്കാരികളായ കുറെ ആളുകൾ ചേർന്ന് പണിതത്. ധാരാളം ഇഷ്ടികയും കല്ലും ഉപയോഗിച്ച് പണിയുമ്പോൾ അവർ ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം അഹങ്കരിച്ച്, നിഗളിച്ച് നാം മിടുക്കന്മാർ എന്നു പറഞ്ഞു.

ദൈവം ഇവരുടെ വിചാരങ്ങൾ അറിഞ്ഞു. മാത്രമല്ല ഇങ്ങനെ അവർ ഒരുമിച്ച് താമസിച്ചാൽ ഇതു പോലെ വിഡ്ഢിത്തരങ്ങൾ കാണിച്ചു ദൈവത്തെ മറക്കുമെന്ന് ദൈവത്തിനു മനസ്സിലായി. അതുകൊണ്ട് ഗോപുരം പണിയുന്നവരുടെ ഭാഷ കേൾക്കുന്നവർക്കു മനസ്സിലാകാതെവണ്ണം കലക്കിക്കളഞ്ഞു . (ബാബേൽ എന്ന എന്ന വാക്കിന്റെ അർത്ഥം കലക്കം) ഇഷ്ടിക കൊണ്ടുവരാൻ പറഞ്ഞാൽ കേൾക്കുന്നവന് അത് വെള്ളം കൊണ്ടുവരൂ എന്നായിരിക്കണം മനസ്സിലായത്. ഏതായാലും അവർ തമ്മിൽ അടിയും ലഹളയുമായി... ഗോപുരത്തിന്റെ പണി നിർത്തിവെച്ചു. ചിലരുടെ ഭാഷ ചിലർക്കു മാത്രം മനസ്സിലായി. ഭാഷ പരസ്പരം മനസ്സിലായവർ ഒരുമിച്ച് മാറി താമസിച്ചു. അങ്ങനെയാണ് ഓരോ ദേശത്തും ഓരോ ഭാഷയും ഓരോ രീതികളും വേഷങ്ങളും ഉള്ള മനുഷ്യരുണ്ടായത്. ദൈവം ചെയ്യുന്ന ഓരോ കാര്യങ്ങളും ഓരോ ലക്ഷ്യത്തോടെയാണെന്ന് നമുക്കു മനസ്സിലാക്കാം.

**സന്ദേശം: ദൈവത്തോടു മത്സരിച്ചുള്ള പണികളും അതിനുള്ള ശ്രമങ്ങളും കലക്കത്തിലും നാശത്തിലും മാത്രം അവസാനിക്കും. നമുക്ക് നിഗളം ഒഴിവാക്കി ദൈവസന്നിധിയിൽ താഴ്മ സ്വീകരിക്കാം. ദൈവത്തോട് മത്സരിക്കാതിരിക്കാം.**

## Reading Ref: - Genesis11: 1-9

Have you seen tall buildings and building complexes (flats)? How high are they built? How many floors do they have? You may feel that its tip is touching the sky.. People used to show their might by constructing tall buildings and towers from very ancient times. These people think they are smart and construct mansions, forgetting the Lord. They think that even if any flood occurs, they will be safe.

Long back, after the flood, some proud people went away from God and decided to build a big tower called 'Babel' with bricks and stones at Shinar

God knew their thoughts and understood that if they stay together they will keep on doing such foolish acts and will completely go away from the relationship with Him. So God confused their language so that they will not understand each other while building the tower. The meaning of "Babel" itself is "confusion". When someone asked for bricks the other person thought he asked for water, so they stopped the works of the tower, and fought with each other. People who spoke the same language and understood each other stayed together. So they formed groups and lived in different places. Thus people got different languages, way of living, culture etc. We can understand that God does everything in his own way with a purpose.

All our works and efforts in rebellion to God will end up in trouble and destruction. We must not have the attitude of pride and should be humble at the sight of God. Remember, never rebel against our Lord God Almighty.

**Message: Every act without God and in rebellion to God is in vain. Being proud is dangerous.**

പ്രവർത്തനം Activity

## Building without God
### ദൈവത്തെകൂടാതെയുള്ള പണി

**ഭാഷ കലക്കി കളഞ്ഞതുകൊണ്ട്
ഇടക്ക് മുടങ്ങിയപ്പോൾ മുടങ്ങിയ ഭാഗം
നിങ്ങൾ വരച്ചു ചേർക്കാമോ?**

Can you complete the building
which was stopped due to
confusion in language





**ഉത്തരം പറയാമോ?** Can you Answer?

1. നമ്മുടെ മാതൃഭാഷ?
   Our mother tounge?
2. രാഷ്ട്ര ഭാഷ ഏത്?
   Our National language?
3. എങ്ങനെയാണ് ഭാഷയുണ്ടായത്?
   How did language come into being?
4. ബാബേൽ എന്ന വാക്കിന്റെ അർത്ഥം?
   What is the meaning of Babel?






1. നിങ്ങളുടെ വീട്ടിൽ ബാബേൽ ഉണ്ടോ? ഉണ്ട്/ ഇല്ല
   Is Babel there in your home? Yes / No
2. നിങ്ങൾ എപ്പോഴെങ്കിലും സ്വയം മിടുക്കർ എന്ന് ചിന്തിക്കുമോ? ഉണ്ട്/ ഇല്ല
   At any time do you think you are great when you study ? yes / No
3. വീട്ടിലെ ജോലികളിൽ നിങ്ങൾ എങ്ങനെ സഹായിക്കും?
   How will you help in your house hold work?

**നിറം കൊടുക്കുക**

Colour the picture

